**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6386** **21.11.2019-ൽ മറുപടിക്ക്**

**പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥ സംവിധാനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീമതി. അയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എത്ര ഡിവിഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ ; | (എ) പൊതുമരാമത്ത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 5 ഡിവിഷനുകൾ ഉണ്ട്. |
| (ബി) നിലവിലെ ഉദ്യോഗസ്ഥ സംവിധാനം വഴി പൊതുമരാമത്ത് ഇലക്ട്രിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) നിലവിലെ ഉദ്യോഗസ്ഥ സംവിധാനം വഴി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 28/06/2019-ലെ സ.ഉ(കൈ) നം.31/2019/പൊ.മ.വ പ്രകാരം ഇലക്ട്രിക്കൽ വിഭാഗത്തിൽ 68 അധിക തസ്തികകൾ സൃഷ്ടിക്കുകയും, 09/08/2019-ലെ സ.ഉ(കൈ) നം.37/2019/പൊ.മ.വ പ്രകാരം പുതിയതായി രണ്ട് ഡിവിഷനുകളും, രണ്ട് സബ് ഡിവിഷനുകളും, ഏഴ് സെക്ഷനുകളും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയതായി രൂപീകരിച്ച കാര്യാലയങ്ങളിൽ ആവശ്യമായ ലൈൻമാൻ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. പുതിയതായി രൂപീകരിച്ച കാര്യാലയങ്ങളിൽ പുതിയ തസ്തികകളെല്ലാം വിന്യസിച്ച് കഴിയുമ്പോൾ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയും. |
| (സി) പൊതുമരാമത്ത് നിരത്ത് വിഭാഗം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിയോജകമണ്ഡലത്തിന് ഒരു സെക്ഷൻ എഞ്ചിനീയർ എന്ന അനുപാതം സൃഷ്ടിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) ഇക്കാര്യത്തിൽ ശുപാർശയൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ